പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5641** 02 .07.2019-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.അൻവർ സാദത്ത്

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | ഗവൺമെന്റ് സ്കൂളുകളിൽ 1.68%വും എയ്ഡഡ് സ്കൂളുകളിൽ 1.14%വുമാണ് കൊഴിഞ്ഞു പോക്കിന്റെ നിരക്ക്. |
| ബി) | ഗോത്രബന്ധു പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയത്; പ്രസ്തുത ജില്ലകളിൽ ഇതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ; | ബി) | വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിച്ചിരുന്ന 359 വിദ്യാർത്ഥികൾ ഇടയ്ക്ക് പഠനം നിർത്തിയിരുന്നു. ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും, 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി വിജയപ്രദമെങ്കിൽ കൂടുതൽ ജില്ലകളിലേക്ക് അത് വ്യാപിപ്പി ക്കുന്നതിനും അപ്പർ പ്രൈമറി തലത്തിൽക്കൂടി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | 2017-18 അധ്യയന വർഷം മുതൽ വയനാട് ജില്ലയിൽ പ്രൈമറി ക്ലാസുകൾ ഉള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 241 പേരെയും, 2018-19 വർഷം മുതൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ പ്രൈമറിക്ലാസ്സുകൾ ഉള്ള 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 പേരെയും ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളിൽ ടി പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.<br><br>ഗോത്രബന്ധു പദ്ധതി അപ്പർ പ്രൈമറി തലത്തിൽക്കൂടി നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Hari

**സെക്ഷൻ ഓഫീസർ**